# 25.09.2014 ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 25.09.2014 ന് 3.00 മണിക്ക് നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. ടി.വി. സുലൈഖാബിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ ശ്രീ. ഗോപിനാഥൻ.കെ., ശ്രീമതി. കെ. ബീബീജാൻ, ശ്രീ. കെ. അബു എന്നീ കൗൺസിലർമാർ ഒഴികെ മറ്റു (13/6/2014ലെ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിന് ശേഷം ലീവിലായിരുന്ന ശ്രീ. കെ.കെ. നാസർ ഉൾപ്പെടെ) കൗൺസിലർമാരും, സെക്രട്ടറി, ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവരും പങ്കെടുത്തിരുന്നു.

**യോഗത്തിലെ തീരുമാനം.**

## 1. A1-16781/11

നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയതുസബംന്ധിച്ച തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പിന്റെ 22/07/2014ലെ സ.ഉ.(കൈ) 135/2014/തസ്വഭവ നമ്പർ ഉത്തരവ് കൗൺസിൽ അറിവിലേയ്ക്ക്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി താഴെപറയുന്ന പോസ്റ്റുകൾ കൂടി അധികം അനുവദിക്കുന്നതിന് സർക്കാറിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

| ക്രമ നമ്പർ | സ്റ്റാഫ് | അവശ്യമുള്ള തസ്തിക | നിലവിലുള്ളത് | അധികം വേണ്ടത് |
|---|---|---|---|---|
| 1 | സെക്രട്ടറി | 1 | 1 | - |
| 2 | സൂപ്രണ്ട് | 2 | 1 | 1 |
| 3 | റവന്യൂ ഓഫീസർ | 1 | - | 1 |
| 4 | RI | 1 | 2 | - |
| 5 | UDC | 10 | 7 | 3 |
| 6 | LDC/BC | 9 | 7 | 2 |
| 7 | Office Attendant | 4 | 2 | 2 |
| 8 | Watchman | 1 | 1 | - |
| 9 | Daffedar | 1 | - | 1 |
| 10 | HS | 1 | - | 1 |
| 11 | HI I | 1 | 1 | - |
| 12 | JHI I | 1 | 1 | - |
| 13 | JHI II | 3 | 3 | - |
| 14 | Driver | 4 (daily wages/contract basis) | 4 | - |
| 15 | Typist | 2 | 1 | 1 |
| 16 | Data Entry Operators | 4 (daily wages/contract basis) | 4 | |
| 17 | Contingent | 10 | 6 | 4 |
| 18 | AEE | 1 | - | 1 |
| 19 | AE | 1 | 1 | - |
| 20 | Overseer Ist | 1 | 1 | - |
| 21 | Overseer IInd | 2 | 1 | 1 |
| 22 | Overseer IIIrd | 3 | 2 | 1 |

ടി തസ്തികകൾ അനുവദിക്കുമ്പോഴുള്ള ബാധ്യതകൾ നഗരസഭ വഹിക്കുന്നതിന് സമ്മതമാണെന്ന് അറിയിക്കുന്നതിനു തീരുമാനിച്ചു.

## 2. A2-14280/14

നഗരസഭയിൽ നടപ്പിലാക്കേണ്ട കാർഷിക പദ്ധതികളെകുറിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011–12 വർഷത്തെ കൃഷിഭവനും കാർഷിക പദ്ധതികളും ഓഡിറ്റ് റിപ്പോർട്ടിലെ പാരാ 74ലെ അദ്ധ്യായം 3.1.23 ശുപാർശകൾ കൗൺസിൽ പരിഗണനയ്ക്കായി.

**തീരുമാനം**

ടി ശുപാർശ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തി.

## 3. G1-15202/14

നഗരസഭകൾ സർക്കാറിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണതകൾ ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കണമെന്നും നിയമസഭാ സമിതിയുടെ റിപ്പോർട്ട് കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും.

**കുറിപ്പ്:**1) ഈ നഗരസഭയിൽ പൊതു സർവ്വീസിൽ ഉൾപ്പെട്ടിട്ടില്ലാത്തതും കൗൺസിൽ തീരുമാനത്തിന് വിധേയമായി വർഷങ്ങളായി മൂന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

2) കുടാതെ അനുവദിക്കപ്പെട്ടിട്ടില്ലാത്ത തസ്തികയിൽ 4 ഡ്രൈവർമാരും. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

**തീരുമാനം**

നഗരസഭയിൽ അനുവദിക്കപ്പെട്ടിട്ടില്ലാത്ത തസ്തികയിൽ ദിവസവേതനാടസ്ഥാന ത്തിൽ വർഷങ്ങളായി നിയമിച്ചിരിക്കുന്ന മുഴുവൻ തസ്തികകൾ അംഗീകരിക്കുന്നതിന് സർക്കാറിലേയ്ക്ക് സമർപ്പിച്ച അപേക്ഷ കൗൺസിൽ പരിശോധിച്ചു. സർക്കാറിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതിനും ആയതുവരെ തൽസ്ഥിതി തുടരുന്നതിനും തീരുമാനിച്ചു.

## 4. G1-12657/11

കോട്ടക്കൽ നഗരസഭയിലേയ്ക്ക് ICWA ട്രൈയിനിയായി ശ്രീ. ഹബീബ് റഹ്മാൻ, തടത്തിൽ ഹൗസ്, മുംതാസ് മഹൽ, ചെമ്മാട്, തിരൂരങ്ങാടി. പി.ഒ., മലപ്പുറം എന്നവരെ ശുപാർശ ചെയ്തുകൊണ്ടുള്ള ICWAI of Indian Cochin Chapter ന്റെ 24/08/2014ലെ KOCHI/PFD-9/2014-15 കത്ത് പ്രകാരം ടിയാൻ 01/09/2014 മുതൽ ട്രൈയിനിയായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ്:1) ICWA ട്രൈയിനികളായി ജോലി ചെയ്തിരുന്ന രണ്ട് പേരിൽ ശ്രീ. നൗഫൽ പാറതൊടി എന്നയാൾ 31/8/2014ന് പരിശീലനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അപേക്ഷിച്ചിട്ടുള്ളതുമാണ്.

2) സ്റ്റൈപന്റായി ഒന്നാം വർഷം 3500/–രൂപ, രണ്ടാംവർഷം 4000/–രൂപ മൂന്നാംവർഷം 4500/–രൂപ അനുവദിക്കേണ്ടതുണ്ട്.

**തീരുമാനം**

ICWA ട്രൈയിനിയായി ശ്രീ. ഹബീബ് റഹ്മാൻ എന്നവർ 1/9/2014 മുതൽ ജോലിയിൽ പ്രവേശിച്ച നടപടിയും ICWA ട്രെയിനിയായിരുന്ന ശ്രീ. നൗഫൽ പാറതൊടി എന്നവരെ 31/8/2014 പ്രാബല്യത്തോടെ ട്രൈയിനിംഗിൽ നിന്നും വിടുതൽ ചെയ്ത നടപടിയും അംഗീകരിച്ചു.

## 5. G2-13061/14

ലിംഗ മാറ്റം വരുത്തിയ ജനവിഭാഗങ്ങളുടെ അവശതയും അവഗണനയും ഇല്ലായ്മ ചെയ്യുന്നതിനും ഇത്തരക്കാരെ സംരക്ഷിക്കുന്നതിനും നഗരസഭകളുടെ വിവിധ സേവനങ്ങൾ നൽകുന്നതിന് പരിഗണിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/07/2014 തീയതിയിലെ KS/N/1472/11 നമ്പർ കത്ത് കൗൺസിൽ പരിഗണനയ്ക്കും അറിവിലേയ്ക്കും.

**തീരുമാനം**

ഇത്തരം ജനവിഭാഗങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപെടാത്തതിനാൽ ടി വിഭാഗം ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്ന വിഷയം പരിഗണിക്കേണ്ടതില്ലന്ന് തീരുമാനിച്ചു.

## 6. G3-15968/13

കേരള ബധിര സ്പോർട്സ് കൗൺസിലിന്റെയും മലപ്പുറം ജില്ലാ ബധിര സ്പോർട്സ് കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ഇരുപത്തിയൊന്നാമത് സംസ്ഥാന ബധിര കായികമേള 2014 ഒക്ടോബർ 29 മുതൽ നവംബർ 1 വരെ തേഞ്ഞിപ്പാലം യീണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതിന് ഏകദേശം 8 ലക്ഷം രൂപ ചിലവുവരുന്നതിനാൽ മലപ്പുറം ജില്ലകളിലെ മുനിസിപ്പാലിറ്റികളിൽ നിന്നും തനത് ഫണ്ടിൽ നിന്നും 10,000/-രൂപ (പതിനായിരം രൂപ വീതം) കൗൺസിൽ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് ഗവൺമെന്റ് ഉത്തരവായിട്ടുള്ളതാണ്. ആയത് അനുവദിക്കുന്നതിന് സ്പോർട്സ് കൗൺസിലിന്റെ 01/09/2014ലെ 14824/14 നമ്പർ കത്ത് കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും ആയി.

**കുറിപ്പ്:** 1) സ.ഉ. (സാധാരണ) നം. 2170/2014/തസ്വഭവ തീയതി 21.08.2014.

**തീരുമാനം**

10,000/- രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചു.

## 7. H1-14405/14

ഉറവിടത്തിലും അല്ലാതെയുമുള്ള മാലിന്യ സംസ്കരണം കൂടുതൽ ഫലപ്രദമാക്കുവാൻ ആവശ്യമായ വേസ്റ്റ് റിഡർ എന്ന ബാക്ടീര്യൽ പൗഡർ ടോഫ്കോ എന്ന സ്ഥാപനം ഉല്പാദിപ്പിച്ചു വരുന്നുണ്ടെന്നും ഡംബിങ്ങ് യാഡിലും ഓടകളിലും ദുർഗന്ധനിവാരണത്തോടൊപ്പം കൊതുകിന്റെ മുട്ടകൾ നശിപ്പിച്ച് കൊതുക് നിവാരണത്തിനും സാധ്യമാണെന്നും ഇത് ഉപയോഗിക്കുന്നത് വഴി മാലിന്യം ദുർഗന്ധമില്ലാതെ സംസ്കരിക്കുന്നതിനുള്ള സാക്ഷ്യപത്രം കോട്ടയം മുനിസിപ്പാലിറ്റി നൽകിയിട്ടുണ്ടെന്നും കോട്ടക്കൽ നഗരസഭയിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടി ഉല്പന്നം ഉപയോഗിക്കാൻ അവസരം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ടോഫ്കോ മാനേജിങ്ങ് ഡയറ്കടറുടെ കത്ത് കൗൺസിൽ മുമ്പാകെ.

**തീരുമാനം**

അപേക്ഷ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## 8. H1-15198/14

കാമ്പ്രത്ത് ചേക്കുട്ടി എന്നവരുടെ 20 സെന്റ് ഭൂമി ശ്മശാന ആവശ്യത്തിന് വിട്ടുതരുന്നത് സംബന്ധിച്ച ടിയാന്റെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്കായി.

**കുറിപ്പ്:** സർവ്വേ നമ്പർ 336/14ൽപ്പെട്ട സ്ഥലം 125000/-രൂപക്കോ നഗരസഭ തീരുമാനിക്കുന്ന വിലയ്ക്കോ തരാൻ ടിയാൻ സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ട്.

**തീരുമാനം**

ആവശ്യമായ നടപടികൾക്കായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചു കൊടുക്കുന്നതിന് തീരുമാനിച്ചു. DMOയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

## 9. PW2-12547/14

നഗരസഭയിലെ മാർക്കറ്റ്/ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനു തുടർനടപികൾ സ്വീകരിയ്ക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്കായി.

**കുറിപ്പ്:** UIDSSMT അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതും എന്നാൽ ആയതു സംബന്ധിച്ച് അനുമതി ഇതേ വരെ ലഭിക്കാത്ത സാഹചര്യത്തിൽ തുടർ നടപടികൽ സ്വീകരിക്കുന്നതിന് KSUDP പ്രോജക്ട് ഡയറക്ടർക്ക് 14.08.2014ന് അറിയിച്ചിട്ടുള്ളതാണ്.

**തീരുമാനം**

UIDSSMT പദ്ധതിയുടെ അംഗീകാരം ലഭിക്കുന്നതിന് താമസം വരുന്ന പക്ഷം കച്ചവടക്കാരിൽ നിന്നും പലിശരഹിത ഡെപ്പോസിറ്റ് വാങ്ങി നഗരസഭ നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

## 10. PW2-11790/14

കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ ലിമിറ്റഡ് മുഖേന ഏറ്റെടുത്തു നടപ്പിലാക്കുന്ന വിജ്ഞാൻവാടികളുടെ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കണമെന്ന നഗരകാര്യ ഡയറക്ടറേറ്റിലെ 18.06.2014ലെ ജി3-9886/14 നമ്പർ കത്ത് കൗൺസിൽ പരിഗണനക്കായി.

**തീരുമാനം**

അതിന് അനുയോജ്യമായ സ്ഥലം നഗരസഭയ്ക്ക് ഇല്ലാത്തതിനാൽ ടി വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## 11. PW2-14797/14

പള്ളിപറമ്പ് ചേരുംകുണ്ട് റോഡിൽ നിന്നും ചട്ടികുളം വഴി സംഗീത റോഡുമായി ബന്ധിപ്പിക്കുന്ന 300 മീറ്റർ റോഡിന് മുനിസിപ്പൽ എഞ്ചിനീയർ തയ്യാറാക്കിയ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി.

**കുറിപ്പ്:** റോഡിന്റെ ഗുണഭോക്താക്കളായ സ്ഥല ഉടമകൾ നഗരസഭിയിലേയ്ക്ക് റോഡ് വിട്ടുതരുന്നതിനുള്ള റിലിക്വിഷ്മെന്റ് ഫോറം 8 പേർ ഒപ്പുവെച്ച് നൽകിയിട്ടുള്ളതാണ്.

**തീരുമാനം**

പള്ളിപറമ്പ് ചേരുംകുണ്ട് റോഡിൽ നിന്നും ചട്ടികുളം വഴി സംഗീത റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന് 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി. കൂടതെ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | N.H ചങ്ങോരംചോല- വൈദ്യരത്നം റോഡ് ടാറിംഗ് പ്രവൃത്തി | 6,40,000/-രൂപ |
| 2 | വൈദ്യരത്നം - മുള്ളൻമട - പുലിക്കോട് റോഡ് റീടാറിംഗ് | 5,00,000/-രൂപ |
| 3 | സ്റ്റീൽ വളപ്പ് - മുള്ളൻമട റോഡ് കോൺക്രീറ്റ് | 5,00,000/-രൂപ |
| 4 | എൻ.എച്ച്. -മിന്നാംപറമ്പ്- പുലിക്കോട് റോഡ് കോൺക്രീറ്റ് | 6,35000/- രൂപ |
| 5 | എൻഎച്ച്- സ്റ്റീൽ വളപ്പ്- പുലിക്കോട് കോൺക്രീറ്റ് | 7,25,000/- രൂപ |
| 6 | വട്ടോളി റോഡ് റീപ്പയർ | 1,80,000/- രൂപ |
| 7 | കരിമ്പനയ്ക്കൽ ഇടവഴി കോൺക്രീറ്റ് | 95,000/- രൂപ |
| 8 | പാറമ്മൽ പൊതുകിണർ റിപ്പയർ | 17,000/- രൂപ |
| 9 | വലിയപറമ്പ് -വില്ലൂർ റോഡിൽ കൾവർട്ട് നിർമ്മാണം | 90,000/- രൂപ |

എന്നിവകൾക്കും ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചു.

## 12. R1-5479/14

കോട്ടക്കൽ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് ആൽപ്പെക്സ് ഐടി. സൊലൂഷൻസ് എന്ന സ്ഥാപനത്തെ ചുതമലപ്പെടുത്തിയ വിഷയവും, 11246 എണ്ണം ബേസ് ഡാറ്റകൾ ഡാറ്റാ എൻട്രി നടത്തിയ വകയിൽ ഒരു ഡാറ്റയ്ക്ക് 5/-രൂപ നിരക്കിൽ 56230/-രൂപ മേൽ സ്ഥാപനത്തിന് അനുവദിക്കുന്നതിന് ബഹു. ചെയർപേഴ്സൺ 29/8/2014ന് മുൻകൂർ അനുമതി നൽകിയത് കൗൺസിലിന്റെ അംഗീകാരത്തിന്.

**കുറിപ്പ്:** 11246 എണ്ണം അസസ്സ്മെന്റുകളുടെ ആദ്യഘട്ട വിവരങ്ങൾ കൃത്യമായും തൃപ്തികരമായും ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്.

**തീരുമാനം**

അംഗീകരിച്ചു.

## 13. R1-14565/14

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന നുകുതിയും, സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം സേവന ഉപനികുതി ഏർപ്പെടുത്തുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്

**കുറിപ്പ്:** Rule 26 പ്രകാരം ശുചിത്വപാലനവും, ജലവിതരണവും, തെരുവ് വിളക്കുകളും, ഡ്രൈനേജ് എന്നവ സംബന്ധിച്ച് പുതിയ സേവനങ്ങൾ ഏർപ്പെടുത്തന്നതിനലേയ്ക്കായി 27-ാം ചട്ട പ്രകാരമുള്ള നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ.

**തീരുമാനം**

റിവിഷൻ പ്രവർത്തനം കഴിഞ്ഞതിന്റെ ശേഷം പരിഗണിക്കുന്നതിന് തീരുമാനിച്ചു.

## 14. R3-12538/11

BWS-US-6 നമ്പർ മുറി ഇല്ലിക്കോട്ടിൽ സഫ്വാൻ എന്നവരുടെ പേരിൽ നിന്നും പള്ളിത്തൊടി മുഹമ്മദ് ബഷീർ എന്നവരുടെ പേരിലേയ്ക്ക് മാറ്റുന്നതിനും, മത്സ്യ സ്റ്റാൾ 29 അഷ്റഫ് കളത്തിങ്ങൽ എന്നവരുടെ പേരിൽ നിന്ന് മുജീബ്, S/o. കോമു എന്നവരുടെ പേരിലേയ്ക്ക് മാറ്റിതരണമെന്നുള്ള അപേക്ഷകൾ അംഗീകരിച്ച് കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള 14/8/2014ലെ 3–ാം നമ്പർ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനവും,

F2-A നമ്പർ മുറി വാക്കരപറമ്പിൽ മൊയ്തീൻ എന്നവരുടെ പേരിൽ നിന്നും, കെ.ടി. ബീരാൻ S/o. മുഹമ്മദ് എന്നവരുടെ പേരിലേയ്ക്ക് മാറ്റി തരണമെന്ന അപേക്ഷയും, SCB-11 (1111)നമ്പർ മുറി എം.ഇ. മുഹമ്മത്കുട്ടി എന്നവരുടെ പേരിൽ നിന്ന് വി. മുഹമ്മത് കുഞ്ഞി, വേർകോട്ട് എന്നവരുടെ പേരിലേയ്ക്ക് മാറ്റിതരണമെന്ന അപേക്ഷയും, കൗൺസിൽ അംഗീകരാത്തിനയക്കുന്നതിനുള്ള 14/8/2014ലെ 6–ാം നമ്പർ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനവും,

മാംസ സ്റ്റാൾ –13, മാംസ സ്റ്റാൾ–12, OS-15, OS-12, OS-13, റൂം–108, SCB-4, BWS-US-7 ബസ് സ്റ്റാന്റ് റൂം–II- 1027B(6112) നമ്പർ മുറികൾ നിലവിലെ ലൈസൻസികളായ യഥാക്രമം മൂന്നക്കണ്ടത്തിൽ എറമൂട്ടി, മുക്കിൽ അബ്ദുൽ സലീം, വലിയകുന്നൻ മുഹമ്മത് കുട്ടി, കുഞ്ഞിബാവ, മൂരിക്കുന്നൻ സിദ്ധീഖ്, കെ.പി. അലി അഷറഫ്, തോട്ടത്തിൽ സൈനബ, സി. അബ്ദൾ കരീം, മച്ചിഞ്ചേരി മുഹമ്മദ് റാഫി, എന്നവരുടെ പേരുകളിൽ നിന്ന് യഥാക്രമം തിരുനിലത്ത് സുലൈഖ, സുലൈഖ തിരുനിലത്ത്, പുതുക്കുടി ഷാഹിദ്, പുതുക്കുടി റംഷീദ്, പുതുകുടി ഉബൈദ്, തിരുനിലത്ത് സുലൈഖ, ഇല്ലിക്കോട്ടിൽ കുഞ്ഞലവി ഹാജി, പ്രദീപ് കുമാർ ടി., ഇ. ബീരാൻകുട്ടി എന്നവരുടെ പേരുകളിലേയ്ക്ക് മാറ്റി നൽകുന്ന വിഷയം കൗൺസിൽ അംഗീകാരത്തിന് അയക്കുന്നതിനും 13.02.2014ലെ 3–ാം നമ്പറിൽ പിന്നീട് പരിഗണിക്കുന്നതിന് വേണ്ടി സ്റ്റിയറിംഗ് കമ്മിറ്റി മാറ്റിവെച്ച C6 നമ്പർ മുറി രായിൻ ഹാജിയുടെ പേരിലേയ്ക്ക് മാറ്റി നൽകുന്ന വിഷയം കൗൺസിലേയ്ക്ക് ശുപാർശ ചെയ്തുകൊണ്ടുള്ള 14/08/2014ലെ 7–ാം നമ്പർ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനവും കൗൺസിൽ പരിഗണനയ്ക്ക്.

### തീരുമാനം

ഈ അജണ്ട, നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളുടെ ലൈസൻസ് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച ബൈലോ പരിഗണനയ്ക്ക് വന്നതിനുശേഷം ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ, പരിഗണിക്കാവൂ എന്നും C6 നമ്പർ മുറി കൗൺസിലർ രായിൻ ഹാജിയുടെ പേരിലേയ്ക്ക് മാറ്റുന്ന വിഷയം ചർച്ച ചെയ്യുമ്പോൾ ടിയാൻ ടി കൗൺസിലിൽ പങ്കെടുക്കുന്നത് ചട്ടവിരുദ്ധമാണെന്നും കൗൺസിലർമാരായ ശ്രീ. കെ. മുഹമ്മദ് ശരീഫ്, ശ്രീ. ടി. കബീർ എന്നിവർ ആവശ്യപ്പെട്ടു. തുടർന്ന് നടന്ന ചർച്ചയിൽ കൗൺസിലർമാരായ ശ്രീ. പി. ഉസ്മാൻകുട്ടി, ശ്രീ. കെ. കെ. നാസർ, എന്നിവർ പങ്കെടുത്തു. കൗൺസിലർ ശ്രീ. രായിൻഹാജി ചർച്ചയിൽ പങ്കെടുത്തിരുന്നില്ല.

ടി അജണ്ടയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ മുറികളുടെയും കുത്തകാവകാശം മാറ്റി നൽകുന്നതിന് തീരുമാനിച്ചു. ഇപ്പോൾ കൗൺസിലിന്റെ പരിഗണനയിലുള്ള ബൈലോയിലെ നിബന്ധനങ്ങൾ ടി മുറികൾക്കും ബാധകമാക്കുന്നതിനും തീരുമാനിച്ചു.

## 15. R3-2625/13

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാംസ സ്റ്റാളുകളിലെ 11, 12 നമ്പർ സ്റ്റാളുകൾ ഇപ്പോൾ കച്ചവടം ചെയ്തു വരുന്ന കക്ഷികൾക്ക് കൗൺസിൽ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് തീരുമാനിച്ചുകൊണ്ടുള്ള 14/8/2014ലെ 2–ാം നമ്പർ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം കൗൺസിൽ പരിഗണനയ്ക്ക്.

### തീരുമാനം

അംഗീകരിച്ചു.

## 16. R3-12692/11

കോട്ടക്കൽ മാർക്കറ്റിൽ പ്രവർത്തിച്ചിരുന്ന തൈര് സ്റ്റാൾ –40-B ക്യാൻസൽ ചെയ്യുന്നതിനും, ആയതിന്റ ഡിമാന്റ് എഴുതി തള്ളുന്നതിനും, റൂം നമ്പർ –130 നഗരസഭ കൈവശത്തിലെടുത്ത് പുനർ ലേലം ചെയ്യുന്നതിനും കൗൺസിലേയ്ക്ക് ശുപാർശ ചെയ്തുകൊണ്ടുള്ള 7/8/2014ലെ 9–ാം നമ്പർ ധനകാര്യ കമ്മിറ്റി തീരുമാനം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:**1) തൈര് സ്റ്റാൾ – 40-B യ്ക്ക് 2011 ഫെബ്രുവരി മുതൽ 2014 ആഗസ്റ്റ് മാസം വരെ പിഴ പലിശ കൂടാതെ 29,587/-രൂപ വാടക ഇനത്തിൽ അടവാക്കാനുള്ളതാണ്.

2) റൂം നമ്പർ-130ന്, 2010 ഏപ്രിൽ മുതൽ 2014 ആഗസ്റ്റ് മാസം വരെ പിഴ പലിശ കൂടാതെ 88728/-രൂപ വാടക ഇനത്തിൽ അടവാക്കാനുള്ളതാണ്.

**<u>തീരുമാനം</u>**

തൈര് സ്റ്റാൾ 40-B എന്ന സ്റ്റാൾ യഥാർത്ഥത്തിൽ നിലവിലില്ലാത്തതിനാൽ ടി മുറി സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനിച്ചു. റൂം നമ്പർ 130 നഗരസഭ കൈവശപ്പെടുത്തിയിട്ടുണ്ട്. ടി പുനർ ലേലം ചെയ്യുന്നതിനും മുൻ ബാധ്യതകൾ മുൻ കുത്തകക്കാരനിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു.

## <u>17. R3-13848/14</u>

മാർക്കറ്റിൽ പച്ചക്കറി സ്റ്റാളിനോടനുബന്ധിച്ച് മുമ്പ് കൃഷിഭവൻ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ III/1367-A നമ്പർ കെട്ടിടം CDSന് അനുവദിച്ചതിന്റെ വാടക, കാലയളവ് എന്നിവ സംബന്ധിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ്: 1) 30/12/2013ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടി നമ്പർ മുറി CDSന് അനുവദിച്ചിട്ടുള്ളതാണ്.

2) വാടക രജിസ്റ്ററിൽ ടി നമ്പർ മുറി ചേർത്തിയിട്ടില്ലാത്തതാണ്.

**<u>തീരുമാനം</u>**

വാടക, ഡെപ്പോസിറ്റ് എന്നിവ കൂടാതെ 3 വർഷത്തേയ്ക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**18.** ഒക്ടോബർ1 വയോജനമിത്രം-സംബന്ധിച്ച്.

**<u>തീരുമാനം</u>**

ഒക്ടോബർ1 വയോജനമിത്രം സമുചിതമായി ആഘോഷിക്കുന്നതിന് തീരുമാനിച്ചു.

**19.** ഒക്ടോബർ 2 പ്ലാസ്റ്റിക് ഡെ- സംബന്ധിച്ച്.

**<u>തീരുമാനം</u>**

ഒക്ടോബർ 2 പ്ലാസ്റ്റിക് ഡെ സമുചിതമായി ആഘോഷിക്കുന്നതിന് തീരുമാനിച്ചു.

**20.** ക്ലീൻ കേമ്പസ്, സേഫ് കേമ്പസ്- സംബന്ധിച്ച്.

**<u>തീരുമാനം</u>**

ക്ലീൻ കേമ്പസ്, സേഫ് കേമ്പസ് പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

ക്ലീൻ കേമ്പസ്, സേഫ് കേമ്പസ് സംബന്ധിച്ച് 17.09.2014 തീയതിയിലെ മുനിസിപ്പാലിറ്റിയിൽ വെച്ചു നടന്ന യോഗത്തന്റെ നടപടി ക്രമം വായിച്ചു റിക്കാർഡാക്കി. മുനിസിപ്പൽതല മോണിറ്ററിംഗ് കമ്മറ്റി അംഗീകരിച്ചു. തുടർന്നുള്ള പ്രവർത്തനങ്ങൾ കൗൺസിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

**21.** 2014-15 വാർഷിക പദ്ധതി നിർവ്വഹണം- സംബന്ധിച്ച്.

**<u>തീരുമാനം</u>**

പദ്ധതി നിർവ്വഹണം വിശദമായി ചർച്ച ചെയ്തു ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ അടിസ്ഥാനത്തിൽ അവലോകനം നടത്തി.

1. **<u>മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, കോട്ടക്കൽ</u>**

ആയുർവ്വേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങുന്നതിനുള്ള പദ്ധതിയുടെ റിക്വീസിഷൻ സമർപ്പിച്ചിട്ടുണ്ടെന്ന് ഇംപ്ലീമെന്റിംഗ് ഓഫീസർ അറിയിച്ചു. ഡിസ്പെൻസറിയിലേയ്ക്ക് റാക്ക് വാങ്ങുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

2 **മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കോട്ടക്കൽ**

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങുന്നതിനുള്ള പദ്ധതിയുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണെന്ന് ഇംപ്ലീമെന്റിംഗ് ഓഫീസർ അറിയിച്ചു.

3 **കൃഷി ഓഫീസർ, കോട്ടക്കൽ**

ആകെയുള്ള രണ്ട് പ്രൊജക്ടുകൾക്ക് ഉടനെ നിർവ്വഹണം നടത്തുന്നതാണെന്ന് ഇംപ്ലിമെന്റിംഗ് ഓഫീസർ അറിയിച്ചു. പ്രൊജക്ടുകൾക്ക് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കേണ്ടതുണ്ടെന്നും അറിയിച്ചു. ഒരു പ്രൊജക്ടിലെ കോഡിലുള്ള അപാകത പരിഹരിക്കുന്നതിനും തീരുമാനിച്ചു.

4 **നഗരസഭ എഞ്ചിനീയർ കോട്ടക്കൽ**

(1)ആകെയുള്ള 151 പദ്ധതികളിൽ 45 പദ്ധതികൾക്ക് നിലവിൽ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും സാങ്കേതികാനുമതി ലഭിക്കാനുള്ള ബാക്കി പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിച്ചു. കുടിവെള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകി സാങ്കേതികാനുമതി ലഭ്യമായ പദ്ധതികൾ ഉടനെ നടപ്പിലാക്കുന്നതിനും ബാക്കി പദ്ധതികളുടെ പ്രവർത്തനം സമയബന്ധിതമായി ത്വരിതപ്പെടുത്തി നടപ്പിലാക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് നിർദ്ദേശം നൽകി.

1)താഴെ പറയുന്ന 12 പദ്ധതികൾ ടെണ്ടർ മുഖേന നടപ്പിലാക്കുന്നതു ഒഴിവാക്കി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്നതിനു തീരുമാനിച്ചു.

1. വിക്കത്ത്മാട് മുക്കാട്ട് കുളം റോഡ് – SOO36/15
2.. എലുംമ്പിലാശ്ശേരി റോഡ് – SOO150/15
3. പോസ്റ്റോഫീസ് പാലപ്പുറ റോഡ് ടാറിംഗ് – SOO18/15
4. കൈപ്പള്ളികുണ്ട് ബി.എച്ച്. റോഡ് – SOO20/15
5. ഔഷധി റോഡ് – SOO24/15
6. വയനാട് റോഡ് – SOO26/15
7. സി.എം.എച്ച്. റോഡ് – SOO28/15
8. നജുമുൽ ഹുദ്ദ റോഡ് പരോഗമന പ്രവൃത്തി – SOO31/15
9. കുണ്ടമാൽ റോഡ് – SOO33/15
10. പാലപ്പുറ മുസ്ല്യാരകം റോഡ് ഡ്രൈനേജ് നിർമ്മാണം-കോൺക്രീറ്റ്- SOO66/15
11. ആമപ്പാറ- ഇരട്ടാക്കൽ റോഡ് റീ ടാറിംഗ് - SOO22/15
12. ഇരട്ടാക്കൽ കുറിക്കനാട്ടീരി റോഡ് പുനരുദ്ധാരണം – SOO58/15

(2) 2012 SOR ൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് നിരക്കിൽ തന്നെ 2014-15ൽ വർക്കുകൾ 20.06.2014ലെ സ.ഉ. (സാധാ) നം.1556/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

5 **മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കോട്ടക്കൽ**

ആകെയുള്ള 4 പദ്ധതികളിൽ 2 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള റിക്വീസിഷൻ നൽകിയിട്ടുണ്ടെന്നും മറ്റ് രണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും ഇംപ്ലിമെന്റിംഗ് ഓഫീസർക്കുവേണ്ടി ഹാജരായ ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു.

6 **ഹെൽത്ത് ഇൻസ്പെക്ടർ കോട്ടക്കൽ നഗരസഭ.**

ആകെ ഒരു പദ്ധതിയ്ക്ക് ശുചിത്വമിഷനിൽ നിന്നും ഇതുവരെ സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ ഈ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്ന് ഇംപ്ലിമെന്റിംഗ് ഓഫീസർ അറിയിച്ചു. ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസറെ ചുമതലപ്പെടുത്തി.

7 **പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ.**

ആകെയുള്ള 12 പദ്ധതികളിൽ 5 പദ്ധതികൾ സ്പിൽ ഓവർ ആണെന്ന് ഇംപ്ലിമെന്റിംഗ് ഓഫീസർ അറിയിച്ചു. സ്പിൽ ഓവർ ഉൾപ്പെടെയുള്ള മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും ഭവന പദ്ധതി 3–ാം ഘട്ടത്തിന്റെ റിക്വീസിഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് ആനുകുല്യം വിതരണം നടത്തുമെന്നും ഇംപ്ലിമെന്റിംഗ് ഓഫീസർ അറിയിച്ചു.

8 **ICDS സൂപ്രവൈസർ**

ആകെയുള്ള 8 പദ്ധതികളിൽ 2 പദ്ധതികളുടെ റിക്വിസിഷൻ നൽകിയിട്ടുണ്ടെന്നും 3 പദ്ധതികളുടെ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും അറിയിച്ചു. താഴെ പറയുന്ന അജണ്ട കൂടി പരിഗണിച്ചു.

അജണ്ട. G2-7036/14

2014-15 വർഷത്തെ Proj No.-56/15 വയോമിത്രം ഓഫീസിന് സൗകര്യം മെച്ചപ്പെടുത്തൽ, Proj No. 6/15 - അംഗൻവാടി പോഷകാഹാര പരിപാടി എന്നീ പദ്ധതികൾക്കായി ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകളുടെ അംഗീകരാത്തിനായുള്ള ICDS സൂപ്രവൈസറുടെ സമർപ്പണം കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ്: 1) Proj. No. 56/15- വയോമിത്രം ഓഫീസിന് സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതിയ്ക്കായി ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സിഡ്കോ മഞ്ചേരിയുടെ ക്വട്ടേഷനും, Proj No. 6/15 -അംഗൻവാടി പോഷകാഹാര പരിപാടിയുടെ ഭക്ഷ്യ ധാന്യങ്ങൾ ഇറക്കുന്നതിന് ക്ഷണിച്ച ക്വട്ടേഷനിൽ ലഭിച്ച 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. രജിത്. കെ തൊട്ടേക്കാട് പറമ്പിൽ എന്നവരുടെ ക്വട്ടേഷനും അംഗീകാരിയ്ക്കണമെന്ന് ICDS സൂപ്രവൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം**

പ്രൊജക്ട് നമ്പർ 56/15 – മഞ്ചേരി സിഡ്കോയുടെ ക്വട്ടേഷൻ അംഗീകരിച്ചു.
പ്രൊജക്ട് നമ്പർ 6/15 – ശ്രീ. രജിത്ത്.കെ. എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചു.

9 **സെക്രട്ടറി കോട്ടക്കൽ നഗരസഭ**

ആകെയുള്ള 3 പദ്ധതികളിൽ പദ്ധതി ആസൂത്രണം, ചെലവ് എന്ന പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതോടെ മാത്രമേ പൂർത്തിയാവുകായെന്നും പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

10 **സീനിയർ വെറ്റിനറി സർജൻ, കോട്ടക്കൽ.**

ടി ഇംപ്ലിമെന്റിംഗ് ഓഫീസർ യോഗത്തിൽ ഹാജരായിട്ടില്ല. ABC പ്രൊഗ്രാം എന്ന പദ്ധതി ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

11 **പ്രിൻസിപ്പൽ ജി.ആർ.എച്ച്.എസ്.എസ്. കോട്ടക്കൽ.**

ടി ഇംപ്ലിമെന്റിംഗ് ഓഫീസർ യോഗത്തിൽ ഹാജരായിട്ടില്ല.
30.08.2014ലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശ പ്രകാരം താഴെ പറയുന്ന 13–ാം ധനകാര്യ കമ്മിഷൻ ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | | |
|---|---|---|
| 1. | ലൈബ്രറി നവികരണം | – 200000/- രൂപ |
| 2. | IPERT | – 288000/- “ |
| 3. | വിജയപാത | – 200000/- “ |
| 4. | BRC മൊഡ്യൂൾ | – 50000/- “ |
| 5. | മുനിസിപ്പൽതല സ്ക്രീനിംഗ് | – 50000/- “ |
| | | ------------ |
| | **ആകെ** | **788000/-** രൂപ |
| | | ========= |

കൂടാതെ 13-ാം ധനകാര്യകമ്മീഷൻ ഫണ്ട് ഉപയോഗിച്ച് 22-ാം വാർഡിലെ മദ്രസ്സുംപടി കുടിവെള്ള പദ്ധതി റിപ്പയർ പ്രവൃത്തി - 71000/-രൂപ, ബി.എച്ച് റോഡ് കെ.ആർ. ബേക്കറി ജംഗ്ഷൻ എന്നിവിടങ്ങളിൽ ഇലട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് 141000/-രൂപ- എന്നീ പദ്ധതികളും ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**22.** 2014 സെപ്തംബർ മാസത്തെ സ്റ്റാന്റിംഗ് കമ്മിറ്റി നടപടി ക്രമങ്ങൾ അംഗീകരിക്കൽ.

**തീരുമാനം**

2014 സെപ്തംബർ മാസത്തെയും 2014 ആഗസ്റ്റ് മാസത്തെ വിദ്യാഭ്യാസം മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെയും തീരുമാനങ്ങൾ വായിച്ചു റിക്കാർഡാക്കി.

**23.** 2014 ആഗസ്റ്റ് മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ.

**തീരുമാനം**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 34615626 |
| വരവ് | - | 18732947 |
| ആകെ | - | 53348573 |
| ചെലവ് | - | 9167929 |
| നീക്കിയിരിപ്പ് | - | 44180644 |

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പ രിഗണിച്ചു.**

**24. G5-5881/14**

നഗരസഭാ ഓഫീസിലേയ്ക്ക് 2014 15 വർഷത്തേയ്ക്ക് ആവശ്യമായ ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ M/s. എ.എസ്. ഏജൻസീസ് എന്ന സ്ഥാപനത്തിന് ബിൽ തുകയായ 55,560/-രൂപ അനുവദിക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക്.

കുറിപ്പ്: 1) സ്റ്റേഷനറി സാധനങ്ങൾ സപ്ലൈചെയ്യുന്നതിന് എ.എസ്. ഏജൻസീസ് 9/4/2014ന് സമർപ്പിച്ച ക്വട്ടേഷൻ 9/6/2014ലെ 2-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണ്.

2) സ്റ്റേഷണറി സാധനങ്ങൾ തൃപ്തികരമായി സപ്ലൈ ചെയ്തിട്ടുണ്ട്.

**തീരുമാനം**

അംഗീകരിച്ചു

**25. H1-16712/14 തീരുമാനം**

കോട്ടക്കൽ നഗരസഭ നഗര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവരം അറിയിച്ചുകൊണ്ടുള്ള NHM സ്റ്റേറ്റ് മിഷന്റെ 21/7/2014ലെ ആരോഗ്യ കേരളം നം. NRHM/5572/ CA /SPMSU/2014 നമ്പർ കത്ത് വായിച്ചു റിക്കാർഡാക്കി. ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചെയർപേഴ്സനെ ചുമതലപ്പെടുത്തി.

**26. G2- തീരുമാനം**

നഗരസഭ കൗൺസിലർമാർക്കുള്ള 'സേവാകേന്ദ്രം' സംബന്ധിച്ച പരിശീലനം 8/10/2014ന് സി.എച്ച്. ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതാണെന്ന് അറിയിച്ചു. ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു.

(യോഗം 5 മണിക്ക് അവസാനിച്ചു.)

(ഒപ്പ്)
**ചെയർപേഴ്സൺ,**
**കോട്ടക്കൽ നഗരസഭ.**